# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 255** — **26/02/2018-ൽ മറുപടിക്ക്**

### ഡങ്കിപ്പനി നിയന്ത്രിക്കുന്നതിനുള്ള നടപടികൾ

**ചോദ്യം**

**ശ്രീ.മുഹമ്മദ് മുഹസിൻ. പി**

**എ)** പട്ടാമ്പി മണ്ഡലത്തിൽ കഴിഞ്ഞ മൂന്നു മാസത്തിനുള്ളിൽ ഡങ്കി പനി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമായ വിവരങ്ങൾ ലഭ്യമാക്കാമോ;

**ബി)** ഡങ്കി പനി നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**

(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

**എ)** പട്ടാമ്പി മണ്ഡലത്തിൽ കഴിഞ്ഞ മൂന്നു മാസത്തിനുള്ളിൽ ഡങ്കി പനി ബാധിതരായവരുടെ വിശദ വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.

**ബി)** ഡെങ്കിപ്പനി നിയന്ത്രണത്തിന് രോഗനിരീക്ഷണവും ഈഡിസ് കൊതുക നിരീക്ഷണവും ഊർജ്ജിതപ്പെടുത്തിയതു കൂടാതെ ജനപങ്കാളിത്തത്തോടുകൂടിയുള്ള പ്രതിരോധ നിയന്ത്രണ-ബോധവൽക്കരണ കാമ്പെയിനുകൾ നടത്തുകയുണ്ടായി. കൊതുകകളുടെ ഉണങ്ങിയ ഉറവിടങ്ങളും പ്രധാന ഉറവിടങ്ങളും നീക്കുന്ന കാമ്പെയിൻ, റബ്ബർ/ അടക്കാമരത്തോട്ടങ്ങളിലെ കൊതുകുറവിടങ്ങൾ നീക്കുന്ന കാമ്പെയിൻ, ജലസുരക്ഷാ കാമ്പെയിൻ, ക്ലീൻ ഓഫീസ്, ക്ലീൻ പബ്ലിക് പ്ലെയിസ് കാമ്പെയിൻ തുടങ്ങിയവ കൂടാതെ ഹെൽത്തി കേരള കാമ്പെയിൻ വഴി വീടുകളും സ്ഥാപനങ്ങളും ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകളും നിർമ്മാണ സ്ഥലങ്ങളും തോട്ടങ്ങളും പരിശോധിച്ച് പൊതുജനാരോഗ്യ നിയമപ്രകാരം നോട്ടീസ് നൽകുന്ന നടപടികൾ നടത്തുകയുണ്ടായി.

ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്യുന്ന സ്ഥലങ്ങളിൽ ദ്രുതകർമ്മ സേന സന്ദർശിച്ച് കാര്യകാരണവിശകലനം നടത്തി ഊർജ്ജിത കൊതുകുറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കൽ (ഐ.എസ്.എസ്), വീടിന് പുറത്ത് ഫോഗിംഗ്, വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങൾ തുടങ്ങിയവ നടത്തിയും രോഗനിയന്ത്രണ വിധേയമാക്കി.

Bindu

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## പട്ടാമ്പി മണ്ഡലത്തിൽ 2017 നവംബർ മുതൽ 1 മുതൽ ഡെങ്കിപ്പനി ബാധിച്ചവരുടെ വിശദ വിവരങ്ങൾ

| ക്രമ നം. | റിപ്പോർട്ട് ചെയ്ത തീയതി | പേര് | വയസ്സ് | ആൺ /പെൺ | മേൽവിലാസം | പഞ്ചായത്ത് /മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ | റിപ്പോർട്ട് ചെയ്ത പ്രാഥമികാരോഗ്യകേന്ദ്രം | അഡ്മിറ്റ് ചെയ്ത തീയതി |
|---|---|---|---|---|---|---|---|---|
| 1 | 14.11.2017 | സുബാഷ് | 39 | ആൺ | അക്ഷയ, ഇടപ്പാലം.പി.ഒ, വിളയൂർ. പട്ടാമ്പി, പാലക്കാട് | വിളയൂർ | മെഡിക്കൽ കോളേജ്, തൃശ്ശൂർ | 28.10.2017 |
| 2 | 23.11.2017 | ജയകുമാർ | 24 | ആൺ | പടിഞ്ഞാറേക്കര ഹൗസ്, കൊപ്പം, പാലക്കാട് | കൊപ്പം | മെഡിക്കൽ കോളേജ്, തൃശ്ശൂർ | 09.11.2017 |
| 3 | 29.11.2017 | റസ്സൽ | 5 | ആൺ | പടപ്പറമ്പിൽ ഹൗസ്, കുലുക്കല്ലൂർ പി.ഒ, പാലക്കാട് | കുലുക്കല്ലൂർ | മെഡിക്കൽ കോളേജ്, തൃശ്ശൂർ | 21.11.2017 |
| 4 | 05.01.2018 | സിന്ധു | 34 | പെൺ | തീയാട്ടുകുന്നതിൽ ഹൗസ്, ചെറുക്കോട്.പി.ഒ, പാലക്കാട് | വല്ലപ്പുഴ | മെഡിക്കൽ കോളേജ്, തൃശ്ശൂർ | 25.12.2017 |
| 5 | 05.01.2018 | ഉണ്ണികൃഷ്ണൻ | 55 | ആൺ | ചക്കളത്തിൽ ഹൗസ്, കുലുക്കല്ലൂർ.പി.ഒ, പാലക്കാട് | കുലുക്കല്ലൂർ | മെഡിക്കൽ കോളേജ്, തൃശ്ശൂർ | 29.12.2017 |
| 6 | 10.01.2018 | ലക്ഷ്മി | 74 | പെൺ | കുട്ടംപാടത്ത് വീട്, വാടാനാംക്കുറിശ്ശി.പി.ഒ, പട്ടാമ്പി, പാലക്കാട് | ഓങ്ങല്ലൂർ | മെഡിക്കൽ കോളേജ്, തൃശ്ശൂർ | 03.01.2018 |
| 7 | 23.01.2018 | അബ്ദുൾ അസീസ് | 2 | ആൺ | ചീനംകുന്നത്ത് ഹൗസ്, കല്ലടിപ്പറ്റ.പി.ഓ, പാലക്കാട് | ഓങ്ങല്ലൂർ | മെഡിക്കൽ കോളേജ്, തൃശ്ശൂർ | 13.01.2018 |
| 8 | 07.02.2018 | ദാസൻ | 56 | ആൺ | വാഴയിൽ ഹൗസ്, വല്ലപ്പുഴ.പി.ഒ, പാലക്കാട് | വല്ലപ്പുഴ | മെഡിക്കൽ കോളേജ്, തൃശ്ശൂർ | 29.01.2018 |

സെക്ഷൻ ഓഫീസർ